"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
പി എം ജി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം: 695033,
ഫോൺ നം: 0471-2303856, ഇ-മെയിൽ: cru.dttvpm@kerala.gov.in,
വെബ്സൈറ്റ് : www.det.kerala.gov.in

DT/322/2026-C2-Part(1) തീയതി: 22-07-2026

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - സംസ്ഥാനത്തെ എല്ലാ സർക്കാർ./സ്വകാര്യ./SCDD/STDD ഐടിഐകളിലെയും ഇൻസ്ട്രക്ടർമാരുടെ ട്രേഡ്./യൂണിറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ National Instructor Management System (NIMS) പോർട്ടലിൽ ഉൾപ്പെടുത്തുന്നത് - ഇതിനുള്ള രജിസ്ട്രേഷൻ/അംഗീകാരം/മാപ്പിംഗ് എന്നിവ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) 31.07.2026 വരെ ദീർഘിപ്പിച്ചിരിക്കുന്ന വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. DGT-HC044/37/2022-O/o DIR (TC) (E- 55708) നമ്പരായ 21.07.2026 തീയതിയിലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ൽ നിന്നുള്ള ഓഫീസ് മെമ്മോറാണ്ടം
2. DT/322/2026-C2 നമ്പരായ വിവിധ തീയതികളിലെ അഡീഷണൽ ട്രെയിനിംഗ് ഡയറക്ടറുടെ ചുറ്ററിയിപ്പുകൾ

**********

ദേശീയ ഇൻസ്ട്രക്ടർ മാനേജ്മെന്റ് സിസ്റ്റം (National Instructor Management System - NIMS) 2026-27 പരിശീലന വർഷം മുതൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ദേശീയ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ അറിയിപ്പുകളും/നിർദേശങ്ങളും, ഈ കാര്യാലയത്തിൽ നിന്നും 2026 ജനുവരി മാസം മുതൽ എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD സ്ഥാപന മേധാവിമാർക്കും നൽകിയിരുന്നു. ഇതിനു തുടർച്ചയായി ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി 20.07.2026 തീയതിയിൽ W.P.(C) No. 7940/2026 നമ്പരായ കേസിൽ പുറപ്പെടുവിച്ച വിധി പാലിക്കുന്നതുമായി ബന്ധപ്പെട്ട്, സൂചന (1) പ്രകാരം DGT നൽകിയിരിക്കുന്ന ഓഫീസ് മെമ്മോറാണ്ടത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഇതനുസരിച്ച് **2026-27** പരിശീലന വർഷം മുതൽ ദേശീയ ഇൻസ്ട്രക്ടർ മാനേജ്മെന്റ് സിസ്റ്റം **(National Instructor Management System - NIMS)** നടപ്പിലാക്കുന്നതിനുള്ള രജിസ്ട്രേഷൻ/അംഗീകാരം/മാപ്പിംഗ് എന്നിവ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി **31.07.2026** വരെ ദീർഘിപ്പിച്ച വിവരം അറിയിച്ചിരിക്കുന്നു. കൂടാതെ ബഹുമാനപ്പെട്ട കോടതിയുടെ നിരീക്ഷണപ്രകാരം, **30** ദിവസത്തിനുള്ളിൽ രാജിവച്ച ഇൻസ്ട്രക്ടർമാർക്ക് പകരം മറ്റൊരാളെ നിയമിക്കുന്നതിനിടെ സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, ഐ ടി ഐ കൾക്ക് **cts-admissions@dgt.gov.in** എന്ന പ്രത്യേക ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ **(Representation)** സമർപ്പിക്കാവുന്നതാണ് എന്നും **DGT** അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** സ്ഥാപന മേധാവിമാരും ഈ അവസരം പ്രയോജനപ്പെടുത്തി **31.07.2026** തീയതിക്കുള്ളിൽ തന്നെ **NIMS** മോഡ്യൂളിലെ **"Dynamic Seat Matrix"** ഉപമെനുവിന് കീഴിലുള്ള തങ്ങളുടെ **ITI Approver** ലോഗിൻ ഉപയോഗിച്ച് ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ/അംഗീകാരം/ മാപ്പിംഗ് എന്നിവ പൂർത്തിയാക്കി, **SIDH** പോർട്ടലിലെ സീറ്റ് മാട്രിക്സ് സൃഷ്ടിക്കുകയോ പുതുക്കുകയോ ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന നിർദേശം നൽകുന്നു.

അഡീഷണൽ ട്രെയിനിംഗ് ഡയറക്ടർ

ഉള്ളടക്കം: സൂചന **DGT** കത്ത്

സ്വീകർത്താവ്: എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** സ്ഥാപന മേധാവിമാരും

പകർപ്പ്:

**1.** ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ്

**2.** ഡയറക്ടർ, പട്ടിക വർഗ വികസന വകുപ്പ്

**3.** ഐറ്റി സെൽ വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനായി

**4,** സ്റ്റോക്ക് ഫയൽ (സി2 സീറ്റ്)

Digitally signed by
VASUDEVAN P
Date: 22-07-2026
17:11:37